ജില്ലാ ഓഫീസർമാരും ഉന്നയിച്ചതിനാൽ നിലവിലെ ഉദ്യോഗസ്ഥർ അനുഭവിക്കുന്ന ജോലിഭാരം കണക്കിലെടുത്ത് ടി പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനും നിലവിലെ മത്സ്യഭവന ഓഫീസർമാരെ സഹായിക്കുന്നതിനും ആവശ്യമായ പ്രോജക്ട് കോർഡിനേറ്റർമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതിക്കാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്.

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി മത്സ്യഭവൻ ഓഫീസർമാരുടെ സേവനമാണ് പ്രധാനമായും ഉപയോഗിക്കുന്നത്.

കൊയിലാണ്ടി, കാപ്പാട് തീരദേശ റോഡ്

156 (3666) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി, കാപ്പാട് തീരദേശ റോഡ് കടൽക്ഷോഭത്തിൽ ഭാഗികമായി തകർന്നത് പുനർനിർമ്മിക്കുന്നതിനായി സമർപ്പിച്ച നിവേദനത്തിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കാപ്പാട്, കൊയിലാണ്ടി തീരദേശറോഡിന്റെ അലൈൻമെന്റിൽ 600 മീറ്ററോളം ഭാഗം വരുന്ന പി.ഡബ്ല്യു.ഡി റോഡിൽ 30 മീറ്റർ ഭാഗം കഴിഞ്ഞ കടൽക്ഷോഭത്തിൽ പൊളിഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പുനർ നിർമ്മിക്കുന്നതിനായി പി.ഡബ്ല്യു.ഡി. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ. 5-12-2015-ന് കൊയിലാണ്ടി ഗവൺമെന്റ് ഗസ്റ്റ്ഹൗസിൽ വിളിച്ചുചേർത്ത യോഗത്തിൽ തകർന്ന റോഡിന്റെ ഭാഗം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെക്കൊണ്ട് പുനർനിർമ്മിക്കാൻ തീരുമാനിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 10-12-2015-ന് പ്രസ്തുത റോഡിന്റെ മുറിഞ്ഞുപോയ ഭാഗത്ത് റോഡിന്റെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്ന പ്രവൃത്തി ആരംഭിച്ചുവെങ്കിലും ബന്ധപ്പെട്ട മേജർ ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്ത് വന്ന് പ്രവൃത്തി നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടതുപ്രകാരം പ്രവൃത്തി നിർത്തിവയ്ക്കുകയുണ്ടായി.

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ തീരദേശ റോഡുകൾ

157 (3667) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ തീരദേശ റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി വിശദമായ എസ്റ്റിമേറ്റ് സഹിതം ലഭിച്ച എത്ര പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഭരണാനുമതി ലഭിക്കാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ തീരദേശ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 27 റോഡുകളുടെ എസ്റ്റിമേറ്റുകൾ സർക്കാരിലേയ്ക്ക് ലഭിച്ചതിൽ 9 റോഡുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിച്ചിട്ടുള്ളതിൽ അനുമതി നൽകാനുള്ള 18 റോഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ലക്ഷം വീട് നരിപ്പൻചാൽ എട്ടിക്കുളം പി.എച്ച്.സി. റോഡ് (രാമന്തളി ഗ്രാമപഞ്ചായത്ത്)
2. മടിയൻകുന്ന് ബീച്ച് റോഡ് - രാമന്തളി ഗ്രാമപഞ്ചായത്ത്
3. രാമന്തളി ലക്ഷംവീട് നരിപ്പൻചാൽ റോഡ് രാമന്തളി ഗ്രാമപഞ്ചായത്ത്
4. മൂരിക്കോട്-ചൂളക്കടവ് പോസ്റ്റാഫീസ് ലിങ്ക് റോഡ്
5. ചിറ്റാരിക്കൊവ്വൽ-പരവന്തട്ട-തോട്ടംകടവ് റോഡ് (പയ്യന്നൂർ നഗരസഭ)
6. എ.കെ.ജി. നഗർ - ശ്മശാനം റോഡ് (രാമന്തളി ഗ്രാമപഞ്ചായത്ത്)
7. കുന്നരു ആയുർവേദ ആശുപത്രി - മൂലക്കടവ് റോഡ് (രാമന്തളി ഗ്രാമപഞ്ചായത്ത്)
8. പുന്നക്കടവ് - കൊറ്റിക്കടവ് റോഡ് (രാമന്തളി ഗ്രാമപഞ്ചായത്ത്)
9. ചിറ്റാരിക്കൊവ്വൽ - പരവന്തട്ടറോഡ് (പയ്യന്നൂർ നഗരസഭ)
10. മുക്കുട് - തോട്ടം കടവ് റോഡ് (പയ്യന്നൂർ നഗരസഭ)
11. അംഗൻവാടി - കോരൻമാസ്റ്റർ മില്ല് റോഡ് (രാമന്തളി ഗ്രാമപഞ്ചായത്ത്)
12. മാന്ദാൻതോട് - പുതിയപുഴക്കരറോഡ് (രാമന്തളി ഗ്രാമപഞ്ചായത്ത്)
13. രാമന്തളി എൽ.പി. സ്കൂൾ-ശിശുമന്ദിരം റോഡ് (രാമന്തളി ഗ്രാമപഞ്ചായത്ത്)
14. രാമന്തളി ഗ്രാമപഞ്ചായത്തിലെ എട്ടിക്കുളം ഹോസ്പിറ്റൽ നരിപ്പാൻചാൽ റോഡ്
15. രാമന്തളി ഗ്രാമപഞ്ചായത്തിലെ പാൽ സൊസൈറ്റി-തളിക്കുളം ശ്മശാനം റോഡ് (വാർഡ് - 13)

LIBRARY ARCHIVES Kerala Legislative Assembly

16. രാമന്തളി ഗ്രാമപഞ്ചായത്തിലെ എട്ടിക്കുളം മടിയൻകുന്ന് അങ്കണവാടി ബീച്ച് റോഡ്

17. രാമന്തളി ഗ്രാമപഞ്ചായത്തിലെ 400 മീറ്റർ കരിഞ്ചിറോഡ് - വാർഡ് 2

18. രാമന്തളി ഗ്രാമപഞ്ചായത്തിലെ വലിയ കടപ്പുറം ബീച്ച് റോഡ് ടാറിംഗ്.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മേൽപ്പറഞ്ഞ റോഡുകൾക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

മത്സ്യബന്ധന വകുപ്പിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ

158 (3668) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2015-16 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ മത്സ്യബന്ധന വകുപ്പിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഇതുവരെ ഭരണാനുമതി നൽകിയവ ഏതെല്ലാം;

(സി) അവയിൽ ഇതിനകം നിർമ്മാണം പൂർത്തിയായ പദ്ധതികൾ ഉണ്ടോ; വിശദമാക്കുമോ;

(ഡി) അവയിൽ ഇതുവരെ പ്രാരംഭ പ്രവർത്തനങ്ങളൊന്നും ആരംഭിക്കാത്ത പദ്ധതികൾ ഉണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ മത്സ്യബന്ധന വകുപ്പിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത പദ്ധതികളിൽ എല്ലാ പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) മേൽ പദ്ധതികളുടെ നിർവ്വഹണം പുരോഗമിക്കുന്നു.

(ഡി) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly